**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6715** **21-03-2023 - ൽ മറുപടിയ്ക്ക്**

**കക്കയം ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം ഗവ. എൽ.പി. സ്കൂളിന്റെ പഴകിയ കെട്ടിടം കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണെന്ന കാര്യം ശ്രദ്ധിയൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് 2013-2014 വർഷത്തെ പദ്ധതി പ്രകാരം പ്ലാൻഫണ്ട് ഉപയോഗിച്ച് ടി സ്കൂളിനായി 50 സെന്റ് ഭൂമി വാങ്ങുകയും, ബാലുശ്ശേരി ബി.ആർ.സി., എസ്.എസ്.കെ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് 2 ക്ലാസ് മുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ പ്രസ്തുത സ്ഥലത്ത് നടന്നിട്ടില്ല . |
| (ബി) | കക്കയം ഗവ. എൽ.പി. സ്കൂളിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം ഗതാഗതയോഗ്യമല്ലാത്ത കുന്നിൻ മുകളിലായിട്ടും ആവശ്യമായ പരിശോധന നടത്താതെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഏത് ഫണ്ടാണ് പ്രസ്തുത സ്ഥലം വാങ്ങിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് 2013-2014 വാർഷിക പദ്ധതി പ്രകാരം പ്ലാൻഫണ്ട് ഉപയോഗിച്ച് കക്കയം ഗവൺമെന്റ് എൽ. പി.സ്കൂളിനായി വാങ്ങിയ 50 സെന്റ് ഭൂമി സ്കൂൾ പ്രവർത്തനത്തിന് അനുയോജ്യ-മായതാണെന്നും റോഡ് സൗകര്യം ഉള്ളതാണെന്നും, സ്കൂൾ പ്രസ്തുത സ്ഥലത്തേക്ക് മാറ്റുന്നതിന് പി.ടി.എ കമ്മിറ്റി അനുകൂലമാണെന്നുമുള്ള പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രസ്തുത സ്ഥലത്തേക്ക് മാറ്റുന്നതിന് 15/03/2013 ലെ ജി.1/4249/2013 ഉത്തരവ് പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ അനുമതി നൽകുകയും, രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നതിനായി പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ സർക്കാർ സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സൗകര്യം ഉറപ്പുവരുത്തുമ്പോൾ കക്കയം ഗവ. എൽ.പി. സ്കൂളിന്റെ പഴയ കെട്ടിടം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചതിനെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ; | (സി) | തുടർച്ചയായുള്ള കാട്ടാന ശല്യം സ്കൂളിന് ഭീഷണി ഉയർത്തുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിനോട് സ്കൂളിന് അനുയോജ്യമായ സ്ഥലം വാങ്ങുതിനുള്ള സാധ്യത ആരാഞ്ഞിട്ടുള്ളത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കെട്ടിടനിർമ്മാണം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. നിലവിൽ സ്കൂൾ പ്രവർത്തിച്ച് വരുന്ന കെ.എസ്.ഇ.ബി യുടെ |

| | | | |
|---|---|---|---|
| | | | അധീനതയിലുള്ള പഴയ കെട്ടിടം ടി ഗ്രാമ പഞ്ചായത്ത് അറ്റകുറ്റ പ്രവൃത്തികൾ നടത്തുകയും പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കക്കയം ഗവ. എൽ.പി. സ്കൂളിന് ഭൂമി വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. ടി സ്കൂളിന് ഭൂമി വാങ്ങിയത് കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്തായതിനാൽ ടി വിജിലൻസ് അന്വേഷണം ടി ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ടാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ